മുതൽ പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ ഒരു സിവിൽ സർജനെ അഡ്ഹോക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം. മുഖേന 3 ഡോക്ടർമാരേയും നിയമിച്ചിട്ടുണ്ട്.

(ബി) 6 ഡോക്ടർമാരുടെ സേവനം നിലവിൽ ലഭ്യമാണ്.

ഇംഹാൻസിലെ സ്റ്റാഫ് പാറ്റേൺ

81 (2632) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഇംഹാൻസിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ ;

(ബി) ഏതെല്ലാം തസ്തികകളിലാണ് ഇംഹാൻസിൽ താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഏതൊക്കെ കോഴ്സുകളാണ് ഇംഹാൻസിൽ ഇപ്പോൾ നടന്നുവരുന്നതെന്നും ഇനിയും ഏതൊക്കെ കോഴ്സുകൾ ആരംഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇംഹാൻസിലെ സ്റ്റാഫ് പാറ്റേൺ താഴെ ചേർക്കുന്നു :

ക്രമ നമ്പർ	തസ്തിക	എണ്ണം
1.	ഡയറക്ടർ	1
2.	അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ	1
3.	അക്കൗണ്ടന്റ്/യു.ഡി. സി	1
4.	ക്ലാർക്ക്-കം-കമ്പ്യൂട്ടർ ഓപ്പറേറ്റർ	1
5.	സൂപ്പർവൈസർ-കം-ബൈന്റർ	1
6.	പ്യൂൺ	1
7.	സ്വീപ്പർ	1

<u>ഇതുകൂടാതെ</u> മികവിന്റെ കേന്ദ്രം പദവിയുടെ ഭാഗമായി പോസ്റ്റ് ഗ്രാജ്യുവേറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിനായി താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	തസ്തിക	എണ്ണം
1.	അസിസ്റ്റന്റ് പ്രൊഫസർ, സൈക്യാട്രി	2
2.	അസിസ്റ്റന്റ് പ്രൊഫസർ, ക്ലിനിക്കൽ സൈക്കോളജി	2
3.	അസിസ്റ്റന്റ് പ്രൊഫസർ, സൈക്യാട്രിക് സോഷ്യൽ വർക്ക്	2
4.	അസിസ്റ്റന്റ് പ്രൊഫസർ, സൈക്യാട്രിക് നഴ്സിഗ്	1
5.	ക്ലിനിക്കൽ സൈക്കോളജിസ്റ്റ്	1
6.	സൈക്യാട്രിക് സോഷ്യൽ വർക്കർ	1
7.	ട്യൂട്ടർ, സൈക്യാട്രിക് നഴ്സിംഗ്	1

(ബി) അക്കൗണ്ടന്റ്/യു.ഡി.സി, ക്ലർക്ക് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ, പ്യൂൺ, ഡ്രൈവർ എന്നീ തസ്തികകളിൽ ഇംഹാൻസിൽ താല്ക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. കൂടാതെ വിവിധ സാമൂഹ്യ മാനസികാരോഗ്യ പദ്ധതികളിലായി സൈക്യാട്രിസ്റ്റ്, മെഡിക്കൽ ഓഫീസർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, സ്പീച്ച് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഫാർമസിസ്റ്റ്, സ്പെഷ്യൽ എജ്യുക്കേറ്റർ, ക്ലാർക്ക്, അറ്റന്റർ എന്നീ വിഭാഗങ്ങളിലായി 60-ാളം പേർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുവരുന്നു.

(സി) ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

(ഡി) മികവിന്റെ കേന്ദ്രം പദവി ലഭിച്ച ഇംഹാൻസിൽ ഇപ്പോൾ സൈക്യാട്രിക് സോഷ്യൽ വർക്കിൽ എം.ഫിൽ കോഴ്സ് ആരംഭിച്ചു കഴിഞ്ഞു. ക്ലിനിക്കൽ സൈക്കോളജിയിൽ എം.ഫിൽ, സൈക്യാട്രിക് നേഴ്സിംഗിൽ പോസ്റ്റ് ബേസിക് ഡിപ്ലോമ എന്നീ കോഴ്സുകൾ അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.